**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 950** **12-06-2024 - ൽ മറുപടിയ്ക്ക്**

**മുതുകാട് ടൈഗർ സഫാരി പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നവകേരള സദസ്സിന്റെ ഭാഗമായി വനംവകുപ്പ് മന്ത്രി പേരാമ്പ്ര മണ്ഡലത്തിൽ പ്രഖ്യാപിച്ച മുതുകാട് ടൈഗർ സഫാരി പാർക്കിന്റെ നിർമ്മാണ നടപടി ഏത് ഘട്ടത്തിലാണെന്ന വിവരം വിശദമാക്കാമോ; | (എ) | കോഴിക്കോട് വനം ഡിവിഷനിലെ പെരുവണ്ണാമൂഴി റെയിഞ്ചിലെ പെരുവണ്ണാമൂഴി സ്റ്റേഷൻ പരിധിയിൽപ്പെട്ട മുതുകാട് എന്ന പ്രദേശത്ത്, 120 ഹെക്ടർ ഭൂമിയിൽ ടൈഗർ സഫാരി പാർക്ക് ആരംഭിക്കുന്നതിന് 18.11.2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം.435/2023/വനം പ്രകാരം സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതാണ്.<br>ടൈഗർ സഫാരി പാർക്കിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേഗത്തിലാക്കുന്നതിനുമായി 20.01.2024-ലെ സർക്കാർ ഉത്തരവ് നമ്പർ (സാധാ) 32/2024/വനം പ്രകാരം ഒരു അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. നിർദ്ദിഷ്ട ടൈഗർ സഫാരി പാർക്കിനാവശ്യമായ സ്ഥലം കണ്ടെത്തുകയും സർവ്വെ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി എന്തൊക്കെ നടപടികൾ പൂർത്തിയായിയെന്ന് വ്യക്തമാക്കാമോ? | (ബി) | മുതുകാട് ടൈഗർ സഫാരി പാർക്കിനാവശ്യമായ സ്ഥലം കണ്ടെത്തുകയും സർവ്വെ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടൈഗർ സഫാരി പാർക്ക് തുടങ്ങുന്നതിന് പ്രാഥമികമായി കേന്ദ്ര മൃഗശാലാ അതോറിറ്റി (Central Zoo Authority), ദേശീയ കടുവ സംരക്ഷണ അതോറിറ്റി (NTCA), ദേശീയ വന്യജീവി ബോർഡ് എന്നിവയിൽ നിന്നും അനുമതിയും കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിൽ (MoEF&CC) നിന്നും വന സംരക്ഷണ നിയമപ്രകാരമുള്ള അനുമതിയും ലഭിക്കേണ്ടതുണ്ട്. കൂടാതെ കോർബറ്റ് ടൈഗർ റിസർവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയുടെ 06.03.2024- ലെ WP(C) No. 202/1995 മേലുള്ള IA No.20650/2023 ഉത്തരവിൽ ടൈഗർ സഫാരി പാർക്ക് സംബന്ധിച്ച് നിലവിലുള്ള മാർഗ്ഗരേഖ പുതുക്കി നിശ്ചയിക്കുന്നതിന് ഒരു Expert Committee-യെ നിയോഗിക്കുകയും ജൂൺ |

| | | | |
|---|---|---|---|
| | | | അവസാനത്തോടുകൂടി പുതുക്കിയ മാർഗ്ഗരേഖ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന സാങ്കേതികത ഒഴിവാക്കുന്നതിന്റെ ഭാഗമായി 01.06.2024-ലെ സർക്കാർ ഉത്തരവ് പ്രകാരം 'ടൈഗർ സഫാരി പാർക്ക്' എന്നത് 'കോഴിക്കോട് ബയോളജിക്കൽ പാർക്ക്' എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ആവശ്യമായ അനുമതിക്കായുള്ള കരട് പ്രപ്പോസൽ തയ്യാറാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ